**Athmaraksha.org**

യേശു നാമത്തിന്റെ ശക്തി - ഫാ.സേവ്യർ ഖാൻ വട്ടായിൽ

## യേശുവിനെക്കുറിച്ച് മഹത്‌വ്യക്തികൾ




### യേശുവിനെക്കുറിച്ച് മഹത്‌വ്യക്തികൾ

**കൺഫ്യൂഷ്യസ്**

വിശുദ്ധനായവൻ സ്വർഗ്ഗത്തിൽനിന്നും വരണം. അവൻ എല്ലാം അറിയും. സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയുംമേൽ അവൻ അധികാരമുണ്ടായിരിക്കും.

**ഏണസ്റ്റ് റെനാൻ**

ഞാൻ ജെറുസലെം മുതൽ സുവിശേഷത്തിൽ പറയുന്ന എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ചു. പുകപോലെ അസ്ഥിരമായി ഞാൻ വിചാരിച്ചിരുന്ന സംഗതികളെല്ലാം പാറപോലെ സ്ഥിരമുള്ളതായി ഞാൻ കണ്ടു...യേശുവേ, നീ മനുഷ്യവർഗ്ഗത്തിന്റെ മൂലക്കല്ല്. (ഫ്രഞ്ച് ദാർശികനും യുക്തിവാദികളുടെ ആചാര്യനമായവൻ യേശു മിഥ്യാവാദം സ്ഥാപിക്കാൻ കഠിനാദ്ധ്വാനം ചെയ്തെങ്കിലും അവസാനം ലോകത്തോട് ഇങ്ങനെ ഏറ്റുപറയുകയാണ് ചെയ്തത്.)

**വി. മദർ തെരേസ :** എന്നെ സ്വാധിനിച്ച ഏക വ്യക്തി യേശു.

**സ്വാമി വിവേകാനന്ദൻ**

ഈ ലോകത്തുള്ള സർവ്വ മനുഷ്യരും ഒത്തുചേരുന്ന വേദിയിൽ അദ്ധ്യക്ഷസ്ഥാനത്ത് ഇരിക്കാൻ യോഗ്യതയുള്ള ഒരേ ഒരു വ്യക്തി യേശുക്രിസ്തു.

**വി. അഗസ്തിനോസ്**

എന്റെ യേശുവേ സകല ഭൗതീക ശാസ്ത്രങ്ങളും ഗ്രഹിച്ചതിനു ശേഷവും അങ്ങയെ അറിയാതിരിക്കുന്ന മനുഷ്യൻ എത്ര നിർഭാഗ്യവാനാണ്. (The Great Orator in the world

എന്നറിയപ്പെട്ടിരുന്ന,പണ്ഡിത കേസരിയായിരുന്ന വി. അഗസ്റ്റിൻ 30-ാം വയസ്സിൽ യേശുവിനെ കണ്ടെത്തിയപ്പോൾ).

നെപ്പോളിയൻ
ക്രിസ്തു ഒരു മനുഷ്യനല്ല, അലക്സാണ്ടറും, കൈസറും, ചാർലി മെയ്നും വലിയ സാമ്രാജ്യങ്ങൽ സ്ഥാപിച്ചു. അവ തകർന്നുപോയി. ഞാനും ഒരു സാമ്രാജ്യം സ്ഥാപിച്ചു. അത് തകർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവേ, അങ്ങയുടെ സാമ്രാജ്യം വളർന്നുകൊണ്ടിരിക്കുന്നു.

സോക്രട്ടീസ്
വരാനിരിക്കുന്ന സർവ്വജ്ഞാനിയെ കാത്തിരിക്കുക. ദൈവത്തിൻെരയും മനുഷ്യരുടെയും മുമ്പാകെ എങ്ങനെ പെരുമാറണമെന്ന് അവൻ പറഞ്ഞുതരും.

സ്വാമി വിവേകാനന്ദൻ
ക്രിസ്തുവിന്റെ കാലത്താണ് ഞാൻ ജീവിച്ചിരുന്നതെങ്കിൽ കണ്ണീരുകൊണ്ടല്ലാ, എന്റെ ഹൃദയരക്തം കൊണ്ടുതന്നെ ഞാൻ അവിടുത്തെ പാദങ്ങൾ കഴുകുമായിരുന്നു. ക്രിസ്തുവിന്റെ പ്രേഷിതരെ ഞങ്ങൾക്ക് ആവശ്യമുണ്ട്. അവർ നൂറുകണക്കിന് ഇന്ത്യയിലേക്ക് വരട്ടെ. ക്രിസ്തുവിന്റെ ജീവിതത്തെ ഞങ്ങൾക്കായി നിങ്ങൾ കൊണ്ടുവരുവിൻ. അത് ഞങ്ങളുടെ സമുദായത്തിന്റെ അന്ത:സത്തായെ ഗ്രഹിക്കട്ടെ. ഇന്ത്യയുടെ എല്ലാ ഗ്രാമങ്ങളിലും, അല്ലാ എല്ലാ മൂലകളിലും ക്രിസ്തു പ്രസംഗിക്കപ്പെടട്ടെ. (വിവേകാനന്ദ സാഹിത്യസർവ്വസം Vol.7 P.70).

ഫിലിപ്പി.3:7-8
എനിക്കു ലാഭമായിരുന്ന ഇവയെല്ലാം ഞാൻ ക്രിസ്തുവിനെപ്രതി നഷ്ടമായി കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു.

യഹൂദ പണ്ഡിതനായ ഗമാലിയേലിന്റെ ശിഷ്യനും പണ്ഡിതശിരോമണിയും ഒരു കാലത്ത് യേശുവിന്റെ ബദ്ധശത്രുവുമായിരുന്ന വി.പോൾ
അനുഗ്രഹീതനായ യേശുവേ, ഞാൻ അങ്ങയുടേതാണ്. ഇന്നു എന്നെ ഭർത്സിച്ചാലും ഹിംസിച്ചാലും ശരി, തുള്ളിതുള്ളിയായി എന്റെ ജീവരക്തം ഊറ്റിയെടുത്താലും ശരി, അപ്പോഴും നാഥാ ഞാൻ അങ്ങേയ്ക്ക് അർച്ചന നടത്തു. എന്റെ ഈ അധരങ്ങൾ അവിടുത്തെ സ്തുതി പാടുന്നതിനുള്ളതാണ്, ഈ കരങ്ങൾ അവിടുത്തെ ശുശ്രൂഷയ്ക്കുള്ളവയും.

ബ്രഹ്മസമാജത്തിന്റെ തൃതീയനേതാവ് ശ്രീ.കേശവ ചന്ദ്രസെൻ
ദൈവപുത്രാ, ഞാൻ അങ്ങയെപ്രതി നിന്ദിക്കപ്പെട്ടാലും മർദ്ദിക്കപ്പെട്ടാലും ശരി, ഞാൻ എന്നും അങ്ങയെ സ്നേഹിക്കും, അവിടുത്തെ പാദാന്തിത്തിൽ ഒരു എലിയ ദാസനായി എന്നെന്നും ഞാൻ വർത്തിക്കുയും ചെയ്യും. എന്റെ ക്രിസ്തുവേ, എന്റെ ഹൃദയത്തിന്റെ മാണിക്യമേ, എന്റെ ആത്മാവിന്റെ ആഭരണമേ, 20 വർഷങ്ങളായി എന്റെ ഈ തകർന്ന ഹൃദയത്തിന്റെ ശ്രീകോവിലിൽ ഞാൻ അങ്ങയെ ഭജിക്കുന്നു. പൗലോസിനോടുകൂടെ ഞാനും പറയുന്നു: എനിക്കു ജീവിതം ക്രിസ്തുവാണ്.

റോമൻ ചരിത്രകാരനായ ടാസിറ്റസ്
യൂദായിൽനിന്നും ലോകത്തിന്റെ മുഴുവൻ നാഥനും ഭരണകർത്താവുമായവൻ അനതിവിദൂര ഭാവിയിൽ വരുമെന്ന് പ്രാചീനപ്രവചനങ്ങളെ ആസ്പദമാക്കി ജനങ്ങൽ ദൃഢമായി

വിശ്വസിച്ചിരുന്നു'.

+++